നം. KITE/2018/1131 (2) തീയതി : 15.09.2018

## സർക്കുലർ

വിഷയം :- കൈറ്റ് - സോഫ്റ്റ്‌വെയർ ഫ്രീഡം ഡേ ആചരണം - സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ഫെസ്റ്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ - ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്

സൂചന:- 2017-18 അധ്യയന വർഷത്തെ വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾ പ്രവർത്തന കലണ്ടർ.

സൂചന പ്രകാരമുള്ള സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനാചരണത്തിന്റെ ഭാഗമായി ഈ അക്കാദമിക് വർഷത്തിൽ വിദ്യാലയങ്ങളിലും കൈറ്റ് ജില്ലാ കേന്ദ്രങ്ങളിലും നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2018 സെപ്റ്റംബർ 15 ശനിയാഴ്ചയാണ് ഈ വർഷത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം. ഇതിനോടനുബന്ധിച്ച് 2018 ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരണവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ (ഡിജിറ്റൽ പോസ്റ്റർ രചന, അനിമേഷൻ നിർമ്മാണം, ഉപന്യാസ രചന, ലഘു അവതരണങ്ങൾ തുടങ്ങിയവ) സ്കൂൾ തലത്തിൽ അദ്ധ്യയന സമയം നഷ്ടപ്പെടുത്താതെ സംഘടിപ്പിക്കാവുന്നതാണ്.

2. ഒക്ടോബർ 2 ന് ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇൻസ്റ്റാൾ ഫെസ്റ്റ് വഴി പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

3. ഇൻസ്റ്റാൾ ഫെസ്റ്റിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ കൈറ്റിന്റെ വെബ്സൈറ്റിലുള്ള (www.kite.kerala.gov.in → Services → Install Fest) ഓൺലൈൻ സംവിധാനം വഴി സെപ്റ്റംബർ 26 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ എണ്ണത്തിന് ആനുപാതികമായി ജില്ലകളിൽ കേന്ദ്രങ്ങൾ ക്രമീകരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിനനുസരിച്ച് ജില്ലകളിലെ വിവിധ ഭാഗങ്ങളിൽ കൂടുതൽ കേന്ദ്രങ്ങളിൽ വെച്ച് നടത്താവുന്നതാണ്.

4. രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇൻസ്റ്റാൾ ഫെസ്റ്റ് കേന്ദ്രം സംബന്ധിച്ച അറിയിപ്പുകൾ ജില്ലാ കോ-ഓർഡിനേറ്റർമാർ സെപ്റ്റംബർ 28-നകം നൽകേണ്ടതാണ്.

5. ഇൻസ്റ്റാൾ ഫെസ്റ്റ് കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടേയും കൈറ്റ് മാസ്റ്റർമാരുടേയും എസ്.ഐ.റ്റി.സി.മാരുടേയും സേവനം കൂടി ലഭ്യമാക്കേണ്ടതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മകൾ, ഈ രംഗത്തെ വിദഗ്ധർ

എന്നവരുടെ സേവനം പ്രയോജനപ്പെടുത്തിയും സംയുക്തമായും പരിപാടികൾ നടത്താവുന്നതാണ്.

6. അനുബന്ധമായി നൽകിയിട്ടുള്ള കുറിപ്പ് സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
സ്റ്റോക്ക് ഫയൽ

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

15.09.2018

# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനത്തോടനുബന്ധിച്ച അവതരണങ്ങൾക്ക് സഹായകമായ കുറിപ്പ്

മനുഷ്യജീവിതത്തിൽ വിപ്ലവകരമായമാറ്റങ്ങൾ സൃഷ്ടിച്ച കണ്ടുപിടുത്തമായിരുന്നു കമ്പ്യൂട്ടറിന്റേത്. സങ്കീർണ്ണവും ഒരുപാട് സമയച്ചെലവുള്ളതുമായ നിരവധി കാര്യങ്ങൾ ഞൊടിയിടയിൽ ചെയ്തുതീർക്കാൻ സഹായകമാണെന്നതിനാൽ ശാസ്ത്ര സാങ്കേതികനേട്ടങ്ങളിൽ വിസ്മരിക്കാനാവാത്ത പങ്ക് ഈ യന്ത്രം വഹിച്ചിട്ടുണ്ട്. സമസ്ത മേഖലകളും കമ്പ്യൂട്ടർ ഉപയോഗം വ്യാപകമായതോടെ കോടിക്കണക്കിനു ബില്യൺ ഡോളറുകളുടെ ക്രയവിക്രയം നടക്കുന്ന അന്താരാഷ്ട്ര വ്യവസായമായി കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ വ്യവസായം വളർന്നു. ആപ്പിളും മൈക്രോസോഫ്റ്റും പോലെയുള്ള ആഗോള ഭീമന്മാരായ ഐ.ടി. കമ്പനികൾ സൃഷ്ടിക്കപ്പെട്ടതോടെ ഉയർന്ന ശമ്പളവും മികച്ച ജീവിതശൈലിയും സ്വപ്നം കണ്ട് നിരവധി ആളുകൾ ഇത്തരം കമ്പനികളിൽ ജോലിക്ക് ചേർന്നു. സിലിക്കൺവാലി പോലെയുള്ള ഐ.ടി നഗരങ്ങൾ ലോകത്തങ്ങോളമിങ്ങോളം മുളച്ചു പൊന്തി.

വിജ്ഞാനം ശക്തിയാണ്, അധികാരമാണ്. വിജ്ഞാനത്തെ സ്വാർത്ഥലാഭത്തിനായി ചിലർ കയ്യടക്കി വയ്ക്കുന്ന പ്രവണത എല്ലാ മേഖലയിലും ഇപ്പോൾ വ്യാപകമായിരിക്കുന്നു. ഇതിനെതിരായി സോഫ്റ്റ്‌വെയർ മേഖലയിൽ രൂപീകൃതമായ ആഗോള കൂട്ടായ്മയാണ് സ്വതന്ത്രസോഫ്റ്റ്‌വെയർ കൂട്ടായ്മ. എല്ലാ മേഖലകളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന്റെ ഗുണഫലങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എല്ലാവർഷവും 'സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനം' ഈ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ആചരിക്കുന്നു.

നാം ഒരു പുസ്തകം വിലകൊടുത്തുവാങ്ങുന്നുവെന്നിരിക്കട്ടെ. നമ്മുടെ വായനയ്ക്ക് ശേഷം അത് മറ്റുള്ളവർക്ക് നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ? പുസ്തകത്തിന് പകരം ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയർ ആണ് നാം വാങ്ങുന്നതെങ്കിൽ നമ്മുടെ ഉപയോഗശേഷമായാൽപ്പോലും മറ്റ് കമ്പ്യൂട്ടറിൽ അത് ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുന്നതിന് അനുവാദമില്ല. ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയറുകൾ പിന്തുടരുന്ന നിയമം നമുക്ക് ഏർപ്പെടുത്തുന്ന വിലക്കിന് ഏറ്റവും ചെറിയ ഉദാഹരണമാണിത്.

സ്വതന്ത്രമായി ഉപയോഗിക്കാനും ഉപയോഗക്രമത്തെക്കുറിച്ച് പഠിക്കാനും അതിൽ മാറ്റം വരുത്താനും യാതൊരു തടസ്സങ്ങളുമില്ലാതെ ആവശ്യമുള്ളത്ര പകർപ്പുകൾ എടുത്ത് വിതരണം ചെയ്യാനും സാധിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ. സാധാരണയായി സ്വതന്ത്രസോഫ്റ്റ്‌വെയർ സൗജന്യമായി ലഭ്യമാകും. അതിന് ലഭ്യമാക്കാനാവശ്യമായ പണം മാത്രമേ നൽകേണ്ടിവരികയുള്ളൂ. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ കൂടെ മൂലരൂപം(source code) അഥവാ അത് എഴുതപ്പെട്ടിരിക്കുന്ന പ്രോഗ്രാം കോഡും, സോഫ്റ്റ്‌വെയർ അനുമതി പത്രവും ലഭ്യമായിരിക്കും. ഇത്തരം സോഫ്റ്റ്‌വെയറുകൾ എല്ലാം പൊതുസഞ്ചയത്തിൽ ലഭ്യമാക്കിയവയായിരിക്കുകയും ചെയ്യും.

പണം ഈടാക്കുന്നതോടൊപ്പം ഉപയോക്താക്കൾക്ക് നൽകേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയറുകൾ നമുക്ക് വേണ്ടെന്നും അതിന് സമാനമായതോ മെച്ചപ്പെട്ടതോ ആയ സ്വതന്ത്രമായി ബഹുജനകൂട്ടായ്മയോടെ വികസിപ്പിക്കാമെന്നും വ്യക്തമാക്കുന്ന സുചിന്തമായ ഒരു ഐ.ടി. നയം തന്നെ കേരളം രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് വിദ്യാലയങ്ങളിലും സർക്കാർ ഓഫീസുകളിലും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗം ഉറപ്പുവരുത്തണമെന്ന് സംസ്ഥാന സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്നതും.

സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ ഉപയോഗം എളുപ്പമല്ലെന്നും (not user-friendly) ഇതുപയോഗിക്കുകയാണെങ്കിൽ ആവശ്യമായ പിന്തുണാസൗകര്യം (Onsite Support) ലഭിക്കുകയില്ലെന്നും ഉണ്ടായിരുന്ന ധാരണ തെറ്റാണെന്ന് തെളിയിച്ച പാരമ്പര്യമാണ് കേരളത്തിലെ അധ്യാപക-വിദ്യാർഥി സമൂഹത്തിനുള്ളത്. ഇന്ന് കേരളത്തിലെ പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള സ്കൂൾപഠനാവശ്യങ്ങൾക്കുള്ള സ്വതന്ത്രസോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്യെടുക്കുന്നത് വരെ അധ്യാപകർ തന്നെയാണെന്നത് ഒരുപക്ഷേ, രാജ്യത്ത് എവിടെയുമെന്നല്ല, ലോകത്ത് തന്നെ വേറിട്ട അനുഭവമായി എടുത്തുപറയേണ്ടി വരുന്ന കാര്യമാണ്. 2008 മാർച്ചിൽ കേരളത്തിലെ 8,9,10 ക്ലാസുകളിലെ 15 ലക്ഷത്തോളം വിദ്യാർഥികൾ ഒരേ സമയം സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഐ.ടി. പ്രായോഗിക പരീക്ഷ എഴുതിയപ്പോൾ, അത് ലോകത്തിലെ തന്നെ ഒരേ സമയത്തുള്ള ഏറ്റവും വലിയ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രയോഗമായി ചരിത്രത്തിൽ ഇടം നേടിയത് നിങ്ങൾക്കറിയുന്ന കാര്യമാണല്ലോ. കേരളത്തിലെ അഞ്ചരലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ

ശമ്പളവിവരങ്ങൾ തയാറാക്കുന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ ഉൾപ്പെടെ ഇപ്പോൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമാണ്.

സ്വതന്ത്രസോഫ്റ്റ്‌വെയർ എന്നാത് സൗജന്യമാണെന്ന തെറ്റിദ്ധാരണ വച്ചു പുലർത്തുന്നവർ നമുക്കിടയിലുണ്ട്. 'Free means not free beer but freedom' എന്നാണ് സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ റിച്ചാർഡ് സ്റ്റാൾമാൻ തന്നെ വിശേഷിപ്പിക്കുന്നത്. അതോടൊപ്പം ഇതിലെ സാമ്പത്തികവശം നാമൊരിക്കലും അവഗണിച്ചു കൂടാതാനും. 2009 ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ടി. സ്കീമിന്റെ ഭാഗമായി ഐ.ടി@സ്കൂൾ പ്രൊജക്ട് സ്കൂളുകളിൽ സ്ഥാപിച്ച കമ്പ്യൂട്ടറുകളിൽ ഉടമാസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചിരുന്നെങ്കിൽ ഓപ്പറേറ്റിങ് സിസ്റ്റം, ഓഫീസ്-മൾട്ടിമീഡിയ പാക്കേജുകൾ, വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ എന്നിവയ്ക്ക് ഒരു മെഷീന് ചുരുങ്ങിയത് അൻപതിനായിരത്തോളം രൂപ അധികച്ചെലവ് വരുമായിരുന്നു. അതായത്, ഐ.സി.ടി. സ്കീമിൽ സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ചതുമൂലം കേരളത്തിന് ഏകദേശം 50 കോടി രൂപ അധികമായി കണ്ടെത്താൻ കഴിഞ്ഞിരുന്നു. ഇപ്പോൾ സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പ്രൊജക്ടിന്റെ ഭാഗമായി സ്കൂളുകളിൽ സ്ഥാപിക്കുന്ന 60250 കമ്പ്യൂട്ടറുകളിൽ സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതു മൂലം 900 കോടിരൂപയാണ് സർക്കാർ ഖജനാവിന് ലാഭമുണ്ടാകാൻ പോകുന്നത്.

സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ ഉപയോഗം കേവലം ചെലവിനത്തിലെ ലാഭം കൊണ്ട് മാത്രം തീർച്ചപ്പെടുത്താൻ കഴിയില്ല. വിൻഡോസ്, മാക് പോലുള്ള ഓപ്പറേറ്റിങ് സിസ്റ്റങ്ങളും അവയിലെ ഓഫീസ് പാക്കേജുകളുമെല്ലാം ഒരു വ്യക്തിയുടെ/സ്ഥാപനത്തിലെ ഉപയോഗത്തിന് നൽകുന്നത് പകർപ്പെടുക്കുന്നതും(Copying) പങ്കുവെക്കുന്നതും കർശനമായും തടഞ്ഞുകൊണ്ടാണ്. അതുകൊണ്ട് തന്നെ അവ ഓഫീസിലെ/സ്കൂളിലെ കമ്പ്യൂട്ടറിൽ ഉപയോഗിക്കുകയാണെങ്കിൽ ഒരു വ്യക്തിക്ക് അവ ഉപയോഗിച്ച് സ്വന്തം വീട്ടിലെ കമ്പ്യൂട്ടറിൽ തുടർപ്രവർത്തനം നടത്താൻ നിയമപരമായി സാധിക്കില്ല. വിദ്യാർഥികൾക്കാവട്ടെ സ്കൂളിൽവെച്ച് പഠിച്ച സോഫ്റ്റ്‌വെയർ തന്റെ വീട്ടിലോ സുഹൃത്തിന്റെയോ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ച് നോക്കണമെന്ന് തോന്നിയാൽ പോലും നമുക്കത് നൽകാൻ സാധിക്കില്ല. ഇനി നമ്മൾ കോപ്പിയെടുത്ത് നൽകിയാൽ നിയമത്തിന്റെ കണ്ണിൽ നാം കുറ്റക്കാരാണ്. എന്തിന് അറിഞ്ഞുകൊണ്ട് നിയമലംഘനം നടത്തണം?

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

കേരളത്തിൽ 2007 മുതൽ ഹൈസ്കൂൾ ക്ലാസ് വരെയുള്ള ഐ.സി.ടി. പഠനം സ്വതന്ത്രസോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടപ്പിലാക്കിയിരുന്നെങ്കിലും ചില സാങ്കേതിക തടസ്സംമൂലം കഴിഞ്ഞ അക്കാദമികവർഷം വരെ ഹയർസെക്കണ്ടറിതലത്തിലേക്ക് പൂർണമായും വ്യാപിപ്പിക്കാൻ നമുക്ക് സാധിച്ചിരുന്നില്ല. അക്കൗണ്ടിങ് പഠനത്തിന് ഉപയോഗിച്ചിരുന്ന ഉടമസ്ഥാവകാശമുള്ള 'ടാലി' സോഫ്റ്റ്‌വെയറിന് പകരം ഗ്നുഖാത്ത ഉപയോഗിച്ചുള്ള സിലബസ് പരിഷ്കരണം ഹയർസെക്കണ്ടറിയിൽ ഏർപ്പെടുത്തിയതോടെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസുകളിലും സ്വതന്ത്രസോഫ്റ്റ്‌വെയർ വിദ്യാഭ്യാസം നടപ്പിലാക്കുന്ന രാജ്യത്താദ്യ സംസ്ഥാനമായി നാം മാറിയത് ചെറിയൊരു കാര്യമല്ല. 2017 ലെ സർക്കാരിന്റെ ഐ.ടി. നയത്തിലും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ എല്ലാസേവന മേഖലയിലും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇതിന്റെ ഉപയോഗം ഉറപ്പുവരുത്താൻ ഇതുവരെ നമുക്ക് സാധിച്ചിരുന്നില്ല. സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗം ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്.

അറിവിന്റെ കുത്തകവത്കരണത്തിനെതിരെ ശക്തമായ ബദലാകാൻ Free Software Movement- ന് കഴിഞ്ഞിട്ടുണ്ട്. വിക്കിപീഡിയ പോലുള്ള സ്വതന്ത്രവിജ്ഞാന കൂട്ടായ്മകൾ വിദ്യാഭ്യാസമേഖലയിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് നമുക്കറിയാം. പങ്കാളിത്തരീതിയിൽ കേരളത്തിലെ എല്ലാ സ്കൂളുകളെയും കോർത്തിണക്കി നാം തയാറാക്കിയ പദ്ധതിയായ സ്കൂൾവിക്കി വിക്കിസോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നാം നടപ്പിലാക്കിത്. സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങളിലും കേരളത്തെ രാജ്യത്തിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന്റെ പ്രവർത്തനങ്ങളിലേക്കും നമുക്ക് ശക്തിപകരുന്നത് സ്വതന്ത്രസോഫ്റ്റ്‌വെയർ നൽകുന്ന ശക്തമായ, വിശ്വസ്തമായ പിൻബലമാണ്.

സ്കൂളുകളിലും ഓഫീസുകളിലും മാത്രമല്ല, പൊതുജന സേവനകേന്ദ്രങ്ങളിലും വീട്ടുകളിലും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉറപ്പുവരുത്തിയാൽ മാത്രമേ നമ്മുടെ ലക്ഷ്യം സഫലമാവുകയുള്ളൂ. ഇതിന് എല്ലായിടത്തും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗം ഉറപ്പുവരുത്തേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ സ്കൂളുകളിലും നടക്കുന്ന സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രചാരണ പ്രവർത്തനകൂട്ടായ്മകൾ ഈ ലക്ഷ്യത്തോടെയാണ് സംഘടിപ്പിച്ചിട്ടുള്ളത്.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

സ്വാതന്ത്ര്യത്തിന്റെ ശക്തി എത്രത്തോളമുണ്ടെന്ന് സ്വജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുതന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ചാണ് ഈ വർഷവും സോഫ്റ്റ്‌വെയർ സ്വതന്ത്ര്യദിനാചരണ പ്രവർത്തനങ്ങൾ കേരളത്തിലെ വിദ്യാലയങ്ങൾ ആചരിക്കുന്നത്. Freedom (സ്വാതന്ത്ര്യം) എന്ന മഹത്തായ ആശയം കേവലം സോഫ്റ്റ്‌വെയറിലോ ഹാർഡ്‌വെയറിലോ പരിമിതപ്പെടുത്താതെ സാധ്യമായ എല്ലാ മേഖലയിലും പ്രയോഗവത്കരിക്കാനും കൂട്ടായ്മയുടെ ശക്തി ഗുണപരമായ രീതിയിൽ സമൂഹത്തിന്റെ എല്ലാ മേഖലയിലും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. ഇതിനായി പ്രവർത്തിക്കാമെന്ന് ഈ അവസരത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

**കെ.അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ്
ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)
പൂജപ്പുര, തിരുവനന്തപുരം - 12
www.kite.kerala.gov.in
contact@kite.kerala.gov.in